**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## ആറാമത് റിപ്പോർട്ട്

(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**2012-ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളുടെ (എസ്.ആർ.ഒ. നം. 751/2012) സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

# (2021-2023)

## ആറാമത് റിപ്പോർട്ട്

(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

2012-ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളുടെ
(എസ്.ആർ.ഒ. നം. 751/2012) സൂക്ഷ്മപരിശോധന
സംബന്ധിച്ച റിപ്പോർട്ട്

848/2022.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 750/2012) | .. | 7 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 751/2012) | .. | 9 |
| അനുബന്ധം III (വിജ്ഞാപനം പുറപ്പെടുവിച്ച വകുപ്പ്/സ്ഥാപനങ്ങൾ) | .. | 17 |
| അനുബന്ധം IV (വിജ്ഞാപനം പുറപ്പെടുവിക്കാത്ത വകുപ്പ്/സ്ഥാപനങ്ങൾ) | .. | 21 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എം. എം. മണി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിതാ ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിൻ കീഴിൽ പുറപ്പെടുവിച്ച 750/2012, 751/2012 എന്നീ എസ്.ആർ.ഒ.-കൾ സമിതിയുടെ 22-8-2019-ലെ യോഗത്തിൽ പരിശോധിക്കുകയും ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന്, 22-10-2019-ൽ കോഴിക്കോട് കളക്ടറേറ്റിൽ നടന്ന യോഗത്തിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2022 ജൂൺ 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**

*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14.

## റിപ്പോർട്ട്

പൗരന് പ്രഥമസ്ഥാനം നല്കുന്ന ജനാധിപത്യസംവിധാനത്തിൽ സർക്കാർ സേവനങ്ങൾ സുതാര്യമായും കൃത്യതയും ആധികാരികതയോടും കൂടി സമയബന്ധിതമായി പൊതുജനങ്ങൾക്ക് പ്രാപ്തമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന നിയമമാണ് 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം (The Kerala State Right to Service Act, 2012) . സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന എല്ലാവിധ സേവനങ്ങളും ജനങ്ങളുടെ അവകാശമാക്കുന്ന ഈ നിയമം, സാധാരണക്കാർ തങ്ങളുടെ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങേണ്ടി വരുന്ന അവസ്ഥയ്ക്ക് ഒരു ശാശ്വത പരിഹാരം വിഭാവനം ചെയ്യുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സേവനം ലഭിക്കുന്നതിന് ഒരാൾക്കുള്ള അവകാശം മനഃപൂർവ്വം ലംഘിക്കുന്നവർ പിഴ അടക്കമുള്ള ശിക്ഷകൾ ഏറ്റുവാങ്ങേണ്ടിവരും എന്നത് നിയമത്തിന്റെ കരുത്താണ്. ഒരാൾ സമർപ്പിക്കുന്ന അപേക്ഷ എവിടെയാണെന്നും അതിന്റെ അവസ്ഥ എന്താണെന്നും അറിയുന്നതിനും ഉദ്ബുദ്ധനായ പൗരന് വിവരത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനും 'വിവരാവകാശ നിയമം 2005' വഴിയൊരുക്കുന്നുവെങ്കിൽ സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനവും അതുവഴി ഭരണസുതാര്യതയും ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നതാണ് സേവനാവകാശ നിയമം. ഇന്ത്യയിൽ മദ്ധ്യപ്രദേശാണ് (18-10-2010) സേവനാവകാശ നിയമം ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം. പിന്നീട് ബിഹാർ, ജാർഖണ്ഡ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലും ഈ നിയമം നടപ്പാക്കിയിട്ടുണ്ട്. സേവനാവകാശ നിയമത്തെ ജനാധിപത്യ വ്യവസ്ഥിതിയിലെ ഏറ്റവും ശക്തമായ നിയമങ്ങളിൽ ഒന്നായിട്ടാണ് വിലയിരുത്തപ്പെടുന്നത്.

2. ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിലൂടെ കൈക്കൂലി, സ്വജനപക്ഷപാതം തുടങ്ങിയ അനാരോഗ്യ പ്രവണതകൾ ഇല്ലാതാക്കാനും അതുവഴി ഭരണ സുതാര്യത ഉറപ്പുവരുത്താനും സേവനാവകാശ നിയമത്തിലൂടെ സാധിക്കും.സർക്കാർ ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്തബോധവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഈ നിയമം സഹായകമാകുന്നു.

3. 27-10-2012-ലെ GO(P) 55/2012/P&ARD നമ്പർ പ്രകാരം പുറപ്പെടുവിച്ചതും 27-10-2012-ലെ 1012-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിൽ പ്രസിദ്ധീകരിച്ചതുമായ SRO 750/2012 (അനുബന്ധം I) പ്രകാരം 2012 നവംബർ 1 നാണ് 2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്റ്റ് പ്രാബല്യത്തിൽ വന്നത്. എന്നാൽ പ്രസ്തുത ആക്റ്റിലെ

വകുപ്പ് 11(1)പ്രകാരം പുറപ്പെടുവിച്ച 2012-ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾക്ക് (SRO 751/2012-അനുബന്ധംII) 27-10-2012 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ആക്റ്റ് നിലവിൽ വരുന്നതിനുമുമ്പ് തന്നെ ചട്ടങ്ങൾക്ക് പ്രാബല്യം നൽകികൊണ്ട് എസ്.ആർ.ഒ പുറപ്പെടുവിച്ചത് തെറ്റാണെന്ന് കണ്ടെത്തിയ സമിതി ശ്രദ്ധക്കുറവ് മൂലം സംഭവിക്കുന്ന ഇത്തരം പിഴവുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് അഭിപ്രായപ്പെട്ടു. ആയതിനാൽ ചട്ടം 1(2) ലെ ' they shall come into force at once' എന്നതിനു പകരം 'They shall be deemed to have come into force on I[st] day of November 2012 'എന്ന് ഭേദഗതി വരുത്തി അപാകത പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ചട്ടം (4) പ്രകാരമുള്ള ഫാറം നം. 1 -ൽ Acknowledgement നൽകുമ്പോൾ ഏത് സേവനത്തിനാണ് അപേക്ഷ നൽകിയതെന്നും ഏതൊക്കെ രേഖകളാണ് അപേക്ഷകൻ ഹാജരാക്കിയതെന്നും എത്ര സമയത്തിനുള്ളിലാണ് ടി സേവനം നൽകേണ്ടതെന്നും വ്യക്തമാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ചട്ടം (4) പ്രകാരമുള്ള ഫാറം നം. 1-ൽ മേൽപറഞ്ഞ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ചട്ടം (4) പ്രകാരം സേവനത്തിനായുള്ള അപേക്ഷയിൽ ഏതെങ്കിലും രേഖകൾ ഉള്ളടക്കം ചെയ്യാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ ഹാജരാക്കുന്ന തീയതി മുതലാണ് സേവനം ലഭ്യമാക്കുന്നതിനുള്ള സമയം കണക്കാക്കുന്നത്. ആയതിനാൽ ന്യൂനതകൾ പരിഹരിച്ച തീയതിയ്ക്ക് പ്രസക്തിയുണ്ടെന്ന് കണ്ടെത്തിയ സമിതി ന്യൂനതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയ തീയതി acknowledgement-ൽ ഉൾപ്പെടുത്തി ഫാറം നം. 1 ഭേദഗതി ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

6. സേവനാവകാശ നിയമത്തിലെ വകുപ്പ് 6 (1)-ൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനും, വകുപ്പ് 6(4)-ൽ രണ്ടാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനും ഒരു നിശ്ചിത ഫീസ് ഈടാക്കണമെന്ന് നിഷ്കർഷിച്ചിരിക്കെ, ചട്ടം (8)-ൽ ' No fees shall be levied for the first or second appeal under section 6' എന്ന് പരാമർശിക്കുന്നത് സേവനാവകാശ നിയമത്തിലെ 6-ാം വകുപ്പിന്റെ ലംഘനമാണെന്ന് കണ്ടെത്തിയ സമിതി നാമമാത്രമായ ഫീസ് ഈടാക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു. ആയതിനാൽ ചട്ടം (8)-ൽ ' No fees' എന്നതിനു പകരം ' Rupees Ten'എന്ന് ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

7. ചട്ടം 9(2) പ്രകാരമുള്ള Form No III-ൽ 3-ാമത്തെ ഇനമായി ' Date of acknowledgement of the application after rectifying defects, if any' എന്ന ചേർക്കണമെന്നും അതു പ്രകാരം തുടർന്നുള്ളവ പുനരക്കം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. ചട്ടം 11(3)-ലെ 'deduct the amount of fine from the salary/honorarium/ remuneration' എന്നതിൽ 'remuneration 'എന്നത് ചട്ടം 7-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പോലെ 'other remuneration 'എന്ന് ആക്കുന്നതാണ് ഉചിതമെന്ന് കണ്ടെത്തിയ സമിതി ചട്ടം 11(3)-ൽ 'remuneration 'എന്ന വാക്കിന് പകരം 'other remuneration' എന്നീ വാക്കുകൾ ചേർക്കണമെന്ന് ശിപാർശ ചെയ്യുന്നു.

9. ചട്ടം 12 പ്രകാരമുള്ള ഫാറം നം.IV-ൽ പരാമർശിക്കുന്ന Designated officer സൂക്ഷിക്കേണ്ട രജിസ്റ്ററിൽ 7-ാമത്തെ കോളമായി ' Date of resubmission of application after rectifying the defects if any' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. First appellate Authority സൂക്ഷിക്കേണ്ട രജിസ്റ്ററിൽ 3-ാം കോളത്തിൽ 'Date of acknowledgement of first appeal'-നെ കുറിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ ഇത് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് കണ്ടെത്തിയ സമിതി acknowledgement കൊടുക്കണമെന്ന വ്യവസ്ഥ ചട്ടം 9(1)-ൽ ചേർക്കണമെന്നും അതു സംബന്ധിച്ച ഫാറം ചട്ടത്തിൽ ചേർക്കണമെന്നും ശിപാർശ ചെയ്യുന്നു.

11. അതുപോലെ 9(2)-ലും acknowledgement നൽകുന്നതിനുള്ള വ്യവസ്ഥ ചെയ്യണമെന്നും ചട്ടത്തിൽ അതു സംബന്ധിച്ച ഫാറം ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. എല്ലാ ഫാറത്തിന്റെ മുകളിലും ' The Kerala State Right to Service Rules, 2012 'എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സേവനാവകാശം സംബന്ധിച്ച നോട്ടിഫിക്കേഷനിൽ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ നിന്നും നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഒഴികെ , ജാതി സംബന്ധിച്ച് സംശയമില്ലാത്ത കേസുകളിൽ മൂന്ന് ദിവസത്തിനകം നൽകണമെന്ന് പറയുന്നുവെങ്കിലും ഈ നിബന്ധന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബാധകമാകുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തഹസിൽദാരാണ് സർട്ടിഫിക്കറ്റ് നൽകുന്നത്.

ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ജാതി സർട്ടിഫിക്കറ്റ് മൂന്ന് ദിവസത്തിനകം നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബന്ധപ്പെട്ട നോട്ടിഫിക്കേഷനിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. അഞ്ച് ലക്ഷം രൂപ വരെയുള്ള ' സോൾവൻസി സർട്ടിഫിക്കറ്റ് നൽകുന്നത് വില്ലേജ് ഓഫീസറും അതിനു മുകളിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് തഹസിൽദാരുമാണ് എന്നും അഞ്ച് ലക്ഷം രൂപ വരെയുള്ള ' സോൾവൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയപരിധി മാത്രമേ റവന്യൂ വകുപ്പിന്റെ നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നും കണ്ടെത്തിയ സമിതി താലൂക്ക് ഓഫീസിൽ നിന്നും അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള 'സോൾവൻസി സർട്ടിഫിക്കറ്റ്' നൽകുന്നതിനുള്ള സമയപരിധി കൂടി ബന്ധപ്പെട്ട നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

15. നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത കേസുകളിൽ 40 ദിവസത്തിനകം പോക്കുവരവ് നടത്താവുന്നതാണെന്ന് നോട്ടിഫിക്കേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. വിവര സാങ്കേതികവിദ്യയും ഓൺലൈൻ സംവിധാനങ്ങളും ദിനംപ്രതി പുരോഗമിച്ചു വരുന്ന ഈ കാലഘട്ടത്തിൽ മേൽ സമയപരിധി കൂടുതലാണെന്ന് സമിതി വിലയിരുത്തി. 40 ദിവസമെന്നുള്ള കാലയളവ് ചില ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയതിനാൽ പോക്കുവരവ് ചെയ്യുന്നതിനുള്ള ദിവസ ദൈർഘ്യം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. സേവനാവകാശ നിയമ പ്രകാരം അപേക്ഷകർക്ക് കൈപ്പറ്റ് രസീത് നൽകുന്നുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. അപേക്ഷകന് കൈപ്പറ്റ് രസീത് നൽകുന്നില്ലെങ്കിൽ അത് നിയമത്തിന്റെ ലംഘനമാണെന്ന് വ്യക്തമാണെങ്കിലും നിയമലംഘനം നടത്തുന്ന ഉദ്യോഗസ്ഥനുള്ള ശിക്ഷ വ്യവസ്ഥ ചെയ്യാത്തത് ആക്റ്റിന്റെ പോരായ്മയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇത്തരത്തിലൊരു ഭേദഗതി നിയമത്തിൽ കൊണ്ട് വരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ദുരിതാശ്വാസ സേവനങ്ങൾ നൽകുന്നതിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് ദുരിതാശ്വാസവുമായി ബന്ധപ്പെട്ട സേവനങ്ങൾ സേവനാവകാശത്തിന് കീഴിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻകാലങ്ങളിൽ ഇല്ലാത്തവിധം പ്രകൃതി ദുരന്തങ്ങളും മഹാമാരികളും സാമൂഹ്യ അരക്ഷിതാവസ്ഥയും വർദ്ധിച്ചു വരുന്ന

കാലഘട്ടത്തിൽ ദുരിതാശ്വാസങ്ങൾ ദ്രുതഗതിയിൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട സേവനങ്ങൾ സേവനാവകാശ നിയമത്തിന് കീഴിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. വിദ്യാസമ്പന്നരായവർ സേവനാവകാശ നിയമം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്നും എന്നാൽ നല്ലൊരു വിഭാഗം സാധാരണക്കാർക്ക് ഈ നിയമത്തെക്കുറിച്ച് അറിവില്ലായെന്നും അഭിപ്രായപ്പെട്ട സമിതി, ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ ചേരുമ്പോൾ ഈ നിയമം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് ശിപാർശ ചെയ്യുന്നു. പഞ്ചായത്ത് അംഗങ്ങൾ അടക്കമുള്ളവർക്ക് കില (KILA)-യിൽ സേവനാവകാശ നിയമത്തെ സംബന്ധിച്ച പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിന്നും ലഭിക്കുന്ന സേവനങ്ങളായ ജനനമരണ രജിസ്റ്ററിൽ പേരു ചേർക്കുക, തിരുത്തൽ വരുത്തുക, പുതിയ കെട്ടിടത്തിന് നമ്പർ നൽകി നികുതി ചുമത്തുക, കെട്ടിടത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ്, നിർമ്മാണ പെർമിറ്റ്, ആംബുലൻസ് സേവനം, വിവിധതരം പെൻഷനുകൾ എന്നിവ സേവനാവകാശത്തിനു കീഴിൽ ഗ്രാമപഞ്ചാത്തു വകുപ്പുകളിൽ പുനഃസ്ഥാപിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. നഗരകാര്യ വകുപ്പ് സേവനാവകാശ നിയമത്തിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ സേവനങ്ങളും പഞ്ചായത്തു വകുപ്പിലും ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ലീഗൽ ഹെയർഷിപ്പ്, ഫെയർവാല്യൂ എന്നിവ സേവനാവകാശ നിയമത്തിൻ കീഴിൽ കൊണ്ടു വരുന്നത് സാധാരണക്കാർക്ക് വളരെ പ്രയോജനകരമായിരിക്കുമെന്ന് സമിതി മനസ്സിലാക്കി. റവന്യൂ വകുപ്പിൽ ഫെയർവാല്യൂ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് നിയമപരവും സാങ്കേതികവുമായ തടസ്സങ്ങളില്ലാത്ത കേസുകളിൽ വകുപ്പ് കൃത്യമായ സമയ പരിധി നിശ്ചയിച്ച് ബന്ധപ്പെട്ട നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും 'സേവനം നിങ്ങളുടെ അവകാശമാണ് 'എന്ന ബോർഡ് സ്ഥാപിക്കുന്നതുവഴി സേവനാവകാശ നിയമത്തെ ക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാവുന്നതാണെന്നും അതിനാവശ്യമായ പരസ്യപ്രചാരണം സർക്കാർ തലത്തിൽ സംഘടിപ്പിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തരത്തിൽ സേവനാവകാശ നിയമം ജനങ്ങളിലെത്തിക്കുന്നതിനാവശ്യമായ പ്രചാരണ മാർഗ്ഗങ്ങൾ എല്ലാ വകുപ്പുകളും സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഉദ്യോഗസ്ഥതലത്തിൽ നിന്നും സേവനം ലഭിക്കേണ്ടത് ഒരു പൗരന്റെ അവകാശമാണെന്ന് പൊതുജനങ്ങൾക്ക് ബോദ്ധ്യമാകുംവിധം ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

സംക്ഷിപ്തരൂപത്തിൽ ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.സേവനാകാശ നിയമത്തിൻ കീഴിൽ നാളിതുവരെ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നും നിയമം സംബന്ധിച്ച് സാധാരണക്കാർക്ക് അവബോധം ഇല്ലാത്തതിനാൽ സേവനാവകാശ നിയമം പൊതുജനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ലെന്നും സമിതി കണ്ടെത്തി. പ്രസ്തുത നിയമത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

23. സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച വകുപ്പ്/ സ്ഥാപനങ്ങളുടെയും പട്ടികയും വിജ്ഞാപനം പുറപ്പെടുവിക്കാത്ത വകുപ്പ്/ സ്ഥാപനങ്ങളുടെയും പട്ടികയും യഥാക്രമം അനുബന്ധം 3, 4 എന്നിവയായി ചേർത്തിരിക്കുന്നു. സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. സേവനാവകാശ നിയമം, അത് വിഭാവനം ചെയ്ത രൂപത്തിൽ പൂർണ്ണമായി നടപ്പാക്കുകയാണെങ്കിൽ സാധാരണക്കാരായ പൊതുജനങ്ങൾക്ക്, തങ്ങൾക്ക് അവകാശപ്പെട്ട സേവനങ്ങൾ പ്രാപ്തമാക്കുന്നതിനായി ധൈര്യപൂർവ്വം സർക്കാർ ഓഫീസുകളിൽ കടന്നുചെല്ലാൻ സാധിക്കുമെന്നും സർക്കാർ സേവനങ്ങളുടെ ഔന്നത്യവും സുതാര്യതയും ബോധ്യപ്പെടാൻ സാധിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

**എം. എം. മണി,**

*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14.

**അനുബന്ധം I**

© Government of Kerala
കേരള സർക്കാർ
2012

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. തപാൽ നമ്പർ
KL/TV(N)/12/12-14

# KERALA GAZETTE
# കേരള ഗസറ്റ്

**EXTRAORDINARY**
അസാധാരണം

**PUBLISHED BY AUTHORITY**
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. I<br>വാല്യം I | Thiruvananthapuram, Saturday<br>തിരുവനന്തപുരം, ശനി | 27th October 2012<br>2012 ഒക്ടോബർ 27<br>5th Karthika 1934<br>1934 കാർത്തികം 5 | No.<br>നമ്പർ } 1012 |


GOVERNMENT OF KERALA

**Personnel and Administrative Reforms (AR-12) Department**

NOTIFICATION

G. O. (P) No. 55/2012/ P&ARD. *Dated, Thiruvananthapuram, 27th October, 2012.*

**S. R. O. No. 750/2012.**—In exercise of the powers conferred by sub-section (2) of section 1 of the Kerala State Right to Service Act, 2012 (18 of 2012), the Government of Kerala hereby appoint the 1st day of November, 2012 as the date on which the said Act shall come into force.

By order of the Governor,

T. J. Mathew,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Sub-section (2) of section 1 of the Kerala State Right to Service Act, 2012 (18 of 2012) empowers the Government to appoint the date of commencement of the said Act. The Government have decided to bring the Act into force with effect from the 1st day of November, 2012.

The notification is intended to achieve the above object.

അനുബന്ധം II

4362
1/11/12

©
Government of Kerala
കേരള സർക്കാർ
2012

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/12/12-14

# KERALA GAZETTE

# കേരള ഗസറ്റ്

## EXTRAORDINARY

അസാധാരണം

## PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്



| | | | |
|---|---|---|---|
| Vol. I<br>വാല്യം 1 | Thiruvananthapuram, Saturday<br>തിരുവനന്തപുരം, ശനി | 27th October 2012<br>2012 ഒക്ടോബർ 27<br>5th Karthika 1934<br>1934 കാർത്തികം 5 | No. 1013<br>നമ്പർ 1013 |



GOVERNMENT OF KERALA

**Personnel and Administrative Reforms (AR-XII) Department**

NOTIFICATION

G. O. (P) No. 56/2012/P&ARD. *Dated, Thiruvananthapuram, 27th October, 2012.*

**S. R. O. No. 751/2012.**—In exercise of the powers conferred by sub-section (1) of section 11 of the Kerala State Right to Service Act, 2012 (18 of 2012), the Government of Kerala hereby make the following rules, namely:-—

RULES

1. *Short title and commencement.*—(1) These rules may be called the Kerala State Right to Service Rules, 2012.

(2) They shall come into force at once.

33/4319/2012/DTP.

848/2022.

2. *Definitions.*—(1) In these Rules, unless the context otherwise requires,

(a) "Act" means the Kerala State Right to Service Act, 2012 (18 of 2012);

(b) "authorised officer" means an officer or staff authorised as such by the designated officer under rule 3.

(c) "Form" means the Forms appended to these rules;

(d) "Section" means a section of the Act.

(2) Words and expressions used, but not defined in these rules and defined in the Act, shall have the same meanings, respectively, assigned to them in the Act.

3. *Power of designated officer to authorise other officers to receive applications.*—The designated officer shall have the power to authorise, by order, any of his/her subordinate officer or staff for receiving the applications and giving proper acknowledgement.

4. *Issue of acknowledgement to the Applicant.*—On receipt of an application for service by an eligible person, the designated officer or the authorised officer, as the case may be, shall give acknowledgement to the applicant in Form No. 1. In case any document required for providing the service has not been enclosed with the application, the same shall be clearly mentioned in the acknowledgement and the stipulated time limit for such service shall start from the date of production of the document.

5. *Public holidays shall be excluded from the stipulated time limit.*—Public holidays shall be excluded from the stipulated time limit for providing the services.

6. *Display of information on the Notice Board.*—The designated officer shall, for the convenience of general public, cause to display all relevant informations related to services, stipulated time limit, designated officer, first appellate authority and the second appellate authority on the Notice Board of the office. All documents that are required to be enclosed with the application for receiving the service and the Forms appended to these Rules shall also be displayed on the Notice Board.

7. *Recovery and remittance of fine.*—The fine imposed under section 8 shall be recovered from the salary, honorarium or other remuneration of the designated officer or of the first appellate authority, as the case may be, and remitted to the Head of Account "0070- other administrative services-60 other services-800 other receipts-27 Receipts under Kerala State Right to Service Act 2012" by the officer empowered to do so.

8. *Exemption from payment of appeal fee.* —No fee shall be levied for filing the first or second appeal under section 6.

9. *Appeal.*—(1) An appeal to the first appellate authority under sub-section (1) of section 6 may be filed in Form No. II or in any other format containing the particulars mentioned in the said Form.

(2) An appeal to the second appellate authority under sub-section (4) of section 6 may be filed in Form No. III or in any other format containing the particulars mentioned in the said Form.

10. *Documents to be enclosed with the appeal.*—Along with the first or second appeal, the appellant shall enclose the following documents, namely:—

(i) List of documents enclosed with the first or second appeal.

(ii) Self attested copy of the order against which the first or second appeal is being made.

(iii) Copies of the documents relied upon by the appellant and referred to in the first or second appeal.

11. *Order in first or second appeal.*—(1) The order in the first or second appeal shall be in writing.

(2) Copy of the order in appeal shall be given to the appellant, designated officer or the first appellate authority, as the case may be.

(3) In the case of imposition of fine, the second appellate authority shall forward a copy of such order to the authority concerned, with instructions to deduct the amount of fine from the salary/honorarium/remuneration of the designated officer or of the first appellate authority, as the case may be.

(4) In the event of recommendation for disciplinary action against the designated officer or the first appellate authority, as the case may be, the second appellate authority shall forward a copy of the order to the appointing authority concerned.

(5) Where the second appellate authority makes any amendment in the order of the first appellate authority, then he/she shall forward a copy of such order to the first appellate authority and the designated officer and to the appellant.

12. *Maintenance of register of cases under the Act.*—The designated officer, the first appellate authority and the second appellate authority shall maintain Register of all the cases in Form No. IV.

FORM No. I

[*See* Rule 4]

ACKNOWLEDGEMENT

From

..............................................

.............................................. (*The Designated Officer/Authorized Officer*)

To

..............................................

.............................................. (*Name and address of the Applicant*)

*Sub.*—The Kerala State Right to Service Act, 2012—Acknowledgement of application—Reg.

*Ref.*— Your application dated ..............................................

I hereby acknowledge your application cited.

The following defects in the application may be rectified, urgently:

(Specify defects, if any)

(1) ..............................................

(2) ..............................................

Place: Yours faithfully,

Date: *Designated Officer/Authorised Officer*

(Office Seal)

FORM No. II

[*See* Rule 9(1)]

FORM OF APPEAL TO THE FIRST APPELLATE AUTHORITY

Before the ............................................ (Designation and office address of the First Appellate Authority)

..........................................

.......................................... (*Name and address of the Applicant/Appellant*)

..........................................

.......................................... (*Name and office address of Designated Officer/ Respondent*)

| | | |
|---|---|---|
| 1. | Date of application | : |
| 2. | Date of acknowledgement | : |
| 3. | Date of resubmission of the application after rectifying the defects, if any | : |
| 4. | Details of service required | : |
| 5. | Decision of the designated officer | : |
| 6. | Eligibility for the service | : |
| 7. | Stipulated time limit | : |
| 8. | Grievances | : |

**List of documents enclosed**

(1) ..............................................................

(2) ..............................................................

**Declaration**

The particulars given above are true and correct to the best of my knowledge, information and belief.

Dated this the ....................day of ..........................20.........(year)

*Signature of the Applicant/Appellant*

FORM No. III

[*See* Rule 9(2)]

FORM OF APPEAL TO THE SECOND APPELLATE AUTHORITY

Before the ..........................................(Designation and office address of the Second Appellate Authority)

..........................................
.......................................... (*Name and address of the Applicant/Appellant*)

..........................................
.......................................... (*Name and office address of the Designated Officer/ 1st Respondent*)

..........................................
.......................................... (*Name and office address of the 1st Appellate Authority/2nd Respondent*)

1. Date of application :
2. Date of acknowledgement :
3. Details of service required :
4. Decision of the designated officer :
5. Decision of the 1st Appellate Authority :
6. Eligibility for the service :
7. Stipulated time limit :
8. Grievances :

**List of documents enclosed**

(1) ..............................................................

(2) ..............................................................

**Declaration**

The particulars given above are true and correct to the best of my knowledge, information and belief.

Dated this the ....................day of ..........................20.......(year)

*Signature of the Applicant/Appellant*

Form No. IV

[*See* Rule 12]

REGISTER OF CASES

*A. To be maintained by the Designated Officer*

| Sl. No. | Date of receipt of application | Date of acknowledge-ment of the application | Name and address of the applicant | Nature of the service requested | Date on which application is disposed of. If rejected the reasons there of |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |

*B. To be maintained by the First Appellate Authority*

| Sl. No. | Date of receipt of first appeal | Date of acknowledge-ment of first appeal | Name and address of the applicant | Nature of the service requested | Date on which appeal is disposed of. Rejection of the appeal and its reasons | Details of fine, if any, imposed/collected |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |

*C. To be maintained by the Second Appellate Authority*

| Sl. No. | Date of receipt of Second appeal | Date of acknowledgement of Second appeal | Name and address of the applicant | Nature of the service requested | Date on which appeal is disposed of. Rejection of the appeal and its reasons | Details of fine, if any, imposed/ collected |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |

By order of the Governor,

T. J. MATHEW,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Section 11 of the Kerala State Right to Service Act, 2012 (18 of 2012), empowers the Government to make rules to carry out the provisions of this Act. Accordingly, the Government have decided to make the rules in this regard.

The notification is intended to achieve the above object.

## അനുബന്ധം III

### ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്

കേരള സംസ്ഥാന സേവനാവകാശ നിയമത്തിലെ വകുപ്പ് 3 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് ആയത് ലഭ്യമാക്കിയ വകുപ്പുകൾ/സ്ഥാപനങ്ങൾ

| ക്രമ നം. | വകുപ്പുകൾ/സ്ഥാപനങ്ങൾ |
|---|---|
| 1 | കൃഷി ഡയറക്ടറേറ്റ് |
| 2 | മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് |
| 3 | മൃഗസംരക്ഷണ വകുപ്പ് |
| 4 | ക്ഷീര വികസന വകുപ്പ് |
| 5 | പിന്നോക്ക സമുദായ വികസന വകുപ്പ്, സെക്രട്ടേറിയറ്റ് |
| 6 | സഹകരണ വകുപ്പ് |
| 7 | പുരാവസ്തു വകുപ്പ് |
| 8 | സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം |
| 9 | പുരാരേഖ വകുപ്പ് |
| 10 | മ്യൂസിയവും മൃഗശാലയും വകുപ്പ് |
| 11 | മലിനീകരണ നിയന്ത്രണ ബോർഡ് |
| 12 | ട്രഷറി വകുപ്പ് |
| 13 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ |
| 14 | ഇൻഷ്വറൻസ് വകുപ്പ് |
| 15 | മത്സ്യബന്ധനം |
| 16 | തുറമുഖം |
| 17 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് |
| 18 | സിവിൽ സപ്ലൈസ് |
| 19 | ലീഗൽ മെട്രോളജി |
| 20 | വനം-വന്യജീവി വകുപ്പ് |
| 21 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ |
| 22 | സ്വാതന്ത്ര്യസമരസേനാനി പെൻഷൻ വകുപ്പ് |
| 23 | സൈനിക ക്ഷേമ വകുപ്പ് |
| 24 | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് |
| 25 | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 26 | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് |

| | |
|---|---|
| 27 | റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് |
| 28 | കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ(ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 29 | കേരള സംസ്ഥാന നഴ്സസ് ആന്റ് പബ്ലിക് ഹെൽത്ത് നഴ്സസ് ക്ഷേമനിധി |
| 30 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (IMHANS) |
| 31 | കേരള നഴ്സസ് ആന്റ് മിഡൈ്വഫ്സ് കൗൺസിൽ |
| 32 | കേരള ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം |
| 33 | മലബാർ കാൻസർ സെന്റർ |
| 34 | ശിശുവികസന കേന്ദ്രം |
| 35 | ഭാരതീയ നാട്ടുചികിത്സാ വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 36 | കേരള പാരാമെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 37 | കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ |
| 38 | തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് |
| 39 | കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി |
| 40 | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ആരോഗ്യഭവൻ) (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 41 | കേരള സ്റ്റേറ്റ് ഹോമിയോപ്പതി സഹകരണ ഫാർമസി (HOMCO) |
| 42 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 43 | റീജിയണൽ കാൻസർ സെന്റർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 44 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, ഹോസ്പിറ്റൽസ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 45 | തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 46 | കേരള ഡെന്റൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 47 | കേരള ഹോമിയോപ്പതി വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 48 | കോളേജ് വിദ്യാഭ്യാസ വകുപ്പ് |
| 49 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി |
| 50 | പ്രിന്റിംഗ് വകുപ്പ് |
| 51 | സ്റ്റേഷനറി വകുപ്പ് |
| 52 | കോഴിക്കോട് യൂണിവേഴ്സിറ്റി |

| | |
|---|---|
| 53 | പോലീസ് വകുപ്പ് |
| 54 | ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്(സെക്രട്ടേറിയറ്റ്) |
| 55 | ജയിൽ വകുപ്പ് |
| 56 | ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ് |
| 57 | ഹൗസിംഗ് ബോർഡ് |
| 58 | നിർമ്മിതി കേന്ദ്രം |
| 59 | ഭവന നിർമ്മാണ (സാങ്കേതിക) വകുപ്പ് |
| 60 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് |
| 61 | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ് |
| 62 | മൈനിംഗ് & ജിയോളജി വകുപ്പ് |
| 63 | കയർ വികസന ഡയറക്ടറേറ്റ് |
| 64 | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് |
| 65 | വിവര സാങ്കേതിക വകുപ്പ് |
| 66 | തൊഴിൽ വകുപ്പ് |
| 67 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് |
| 68 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 69 | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് |
| 70 | വ്യാവസായിക പരിശീലന വകുപ്പ് |
| 71 | പഞ്ചായത്ത് വകുപ്പ് |
| 72 | നഗരകാര്യ വകുപ്പ് |
| 73 | നോർക്ക (സെക്രട്ടേറിയറ്റ്) |
| 74 | പാർലമെന്ററി അഫയേഴ്സ് വകുപ്പ് |
| 75 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്, സെക്രട്ടേറിയറ്റ്. |
| 76 | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്<br>(ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 77 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| 78 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| 79 | എനർജി മാനേജ്മെന്റ് സെന്റർ |
| 80 | കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം |
| 81 | പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) |
| 82 | കേരള റോഡ് ഫണ്ട് ബോർഡ് |
| 83 | ലാന്റ് റവന്യൂ കമ്മീഷണറേറ്റ് |

| | |
|---|---|
| 84 | സർവ്വേയും ഭൂരേഖയും വകുപ്പ് |
| 85 | പട്ടികജാതി വികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| 86 | പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ |
| 87 | സാമൂഹ്യനീതി വകുപ്പ് |
| 88 | സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്, സെക്രട്ടേറിയറ്റ്<br>(ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| 89 | വാണിജ്യ നികുതി വകുപ്പ് |
| 90 | രജിസ്ട്രേഷൻ വകുപ്പ് |
| 91 | എക്സൈസ് വകുപ്പ് |
| 92 | ലോട്ടറീസ് വകുപ്പ് |
| 93 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് |
| 94 | ടൂറിസം വകുപ്പ് |
| 95 | കിറ്റ്സ് (Kerala Institute of Tourism and Travel Studies) |
| 96 | മോട്ടോർ വെഹിക്കിൾസ് വകുപ്പ് (കമ്മീഷണറേറ്റ്) |
| 97 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ |
| 98 | ജലസേചന വകുപ്പ് |
| 99 | കേരള വാട്ടർ അതോറിറ്റി |
| 100 | ഭൂജല വകുപ്പ് |
| 101 | കാഡാ |

## അനുബന്ധം IV

### ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്

വിജ്ഞാപനം ലഭ്യമാക്കുവാനുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ

| ക്രമ നം. | വകുപ്പുകൾ/സ്ഥാപനങ്ങൾ |
|---|---|
| 1 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ |
| 2 | പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ |
| 3 | പിന്നാക്ക സമുദായ വികസന ഡയറക്ടറേറ്റ് |
| 4 | പൊതു പരീക്ഷാ കമ്മീഷണറുടെ കാര്യാലയം |
| 5 | ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| 6 | വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| 7 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് |
| 8 | വ്യവസായ വകുപ്പ് (സെക്രട്ടേറിയറ്റ്) |
| 9 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| 10 | ഗ്രാമവികസന വകുപ്പ് |
| 11 | കേരള പ്രവാസി ക്ഷേമ ബോർഡ് |
| 12 | പൊതുമരാമത്ത് വകുപ്പ് (റെന്റ്) |
| 13 | പട്ടികജാതി വികസന വകുപ്പ് |
| 14 | സ്കൂട്ടിനി കമ്മിറ്റി ഫോർ വെരിഫിക്കേഷൻ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് (എസ്.സി/എസ്.റ്റി) |
| 15 | പട്ടികവർഗ്ഗവികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| 16 | പട്ടികവർഗ്ഗവികസന വകുപ്പ് |
| 17 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ |
| 18 | ഇക്കോ ടൂറിസം വകുപ്പ് |
| 19 | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ |
| 20 | ജലഗതാഗത വകുപ്പ് |